നമ്പർ.സി1/63/2277/ടി.സി/2006

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം.
തീയതി: 19.10.2010

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ

സർ,

വിഷയം: മോട്ടോർ വാഹന വകുപ്പ് – മേൽവിലാസത്തിനായി സമർപ്പിക്കുന്ന രേഖകൾ - സംബന്ധിച്ച്

സൂചന: ട്രാൻസ്പോർട്ട് കമ്മീഷണറുടെ സർക്കുലർ 09/2010

മേൽ പ്രസ്താവിച്ച വിഷയത്തിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. മോട്ടോർ വാഹന വകുപ്പിന്റെകീഴിലുള്ള പല ഓഫീസുകളിലും പാസ്പോർട്ട്, തിരിച്ചറിയൽ കാർഡ് എന്നിവ മേൽവിലാസത്തിനുള്ള രേഖകളായി സമർപ്പിക്കാൻ കഴിയാത്ത അപേക്ഷകരുടെയും, സൈനിക സേവനവുമായി ബന്ധപ്പെട്ട വ്യക്തികളുടെയും അപേക്ഷകൾ നിലവിലുള്ള മോട്ടോർ വാഹന ചട്ടങ്ങൾക്കനുസരിച്ചുള്ള മറ്റ് രേഖകളൊന്നും പരിഗണിക്കാതെ, നിരസിക്കുന്നതായും അപേക്ഷകരോട് വളരെയധികം മോശമായി പെരുമാറുന്നതായുമുള്ള പരാതികൾ ലഭിച്ചുകൊണ്ടിരിക്കുന്നു. തന്നെയുമല്ല സൈനിക സേവനം അനുഷ്ഠിക്കുന്ന വ്യക്തികൾക്ക് അവരുടെ ലൈസൻസ് മേൽവിലാസം മാറ്റുന്നതിനോ, വാഹനത്തിന്റെ രജിസ്ട്രേഷൻ മാറ്റുന്നതിനോ സാധിക്കുന്നില്ല എന്നുള്ള പരാതിയും വ്യാപകമാണ്. രജിസ്ട്രേഷൻ, ഡ്രൈവിംഗ് ലൈസൻസ് എന്നിവയുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് അഡ്രസ്സ് പ്രൂഫായി സ്വീകരിക്കാവുന്ന രേഖകളെക്കുറിച്ച് 1989 ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 4 ൽ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. കേന്ദ്ര മോട്ടോർ വാഹന ചട്ടം 4 പ്രകാരം ഇലക്ടറൽ റോൾ, ലൈഫ് ഇൻഷുറൻസ് പോളിസി, പാസ്പോർട്ട് കേന്ദ്ര ഗവൺമെന്റ്, സംസ്ഥാന ഗവൺമെന്റ്, പ്രാദേശിക ഭരണകൂടം എന്നിവയിലേതെങ്കിലും നല്കുന്ന പേ സ്ലിപ്പ്, സ്കൂൾ സർട്ടിഫിക്കറ്റ്, ജനനസർട്ടിഫിക്കറ്റ്, 28(കെ) വകുപ്പ പ്രകാരം സംസ്ഥാന ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും രേഖകൾ, വിദേശികളുടെ കാര്യത്തിൽ നിയമപരമായ സാന്നിദ്ധ്യം, വാസസ്ഥാനം എന്നിവ തെളിയിക്കുന്ന രേഖകൾ തുടങ്ങിയവ മേൽവിലാസത്തിനുള്ള രേഖകളായി

സമർപ്പിക്കാവുന്നതാണ്. മേൽപറഞ്ഞവയിൽ ഏതെങ്കിലും രേഖകൾ മതിയായ കാരണത്താൽ അപേക്ഷകന് ഹാജരാക്കുവാൻ കഴിയുന്നില്ല എങ്കിൽ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ്, ഫസ്റ്റ് ക്ലാസ് ജുഡിഷ്യൽ മജിസ്ട്രേറ്റ്, നോട്ടറി പബ്ലിക് എന്നിവരിൽ ആരുടെയെങ്കിലും മുന്നിൽ അപേക്ഷകൻ നല്കിയ സത്യവാങ്മൂലം മേൽവിലാസം, വയസ്സ് എന്നിവ തെളിയിക്കുന്നതിനുള്ള രേഖകളായി ഹാജരാക്കാമെന്നും പ്രസ്തുത ചട്ടത്തിൽ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. ആയതിനാൽ മേൽ പറഞ്ഞ രേഖകളിലേതെങ്കിലും അപേക്ഷകന്റെ മേൽവിലാസത്തിനുള്ള തെളിവായി സ്വീകരിക്കാവുന്നതാണെന്ന് താങ്കളെ ഓർമ്മിപ്പിച്ചുകൊള്ളുന്നു. രാജ്യരക്ഷ മുൻനിർത്തി പ്രവർത്തിക്കുന്ന വ്യക്തികളോട് വളരെയധികം മാന്യമായി പെരുമാറുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതും, അവർക്കുള്ള സേവനങ്ങൾ പരാതികൾക്കിടയില്ലാത്തവണ്ണം യഥാസമയം ചെയ്തുകൊടുക്കേണ്ടതാണെന്നും കൂടി ഓർമ്മിപ്പിച്ചുകൊള്ളുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ടുള്ള വ്യക്തമായ നിർദ്ദേശങ്ങൾ കൗണ്ടർ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥൻ, സൂപ്രണ്ട്, പി.ആർ.ഒ തുടങ്ങി താങ്കൾക്ക് കീഴിലുള്ള എല്ലാ ഉദ്യോഗസ്ഥർക്കും നല്കേണ്ടതാണ്. മാത്രമല്ല കൗണ്ടർ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർ, പബ്ലിക് റിലേഷൻസ് ഓഫീസർ, സൂപ്രണ്ടുമാർ തുടങ്ങിയവർ ഇത് കൃത്യമായി പാലിക്കേണ്ടതും പൊതുജനങ്ങളോട് വളരെ മാന്യമായി ഇടപെടേണ്ടതുമാണ്. ഈ വിഷയത്തിൽ എന്തെങ്കിലും സംശയങ്ങൾ ഉണ്ടെങ്കിൽ ഓഫീസ് തലവനുമായി ബന്ധപ്പെടാൻ വേണ്ട നിർദ്ദേശം അപേക്ഷകന് നല്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

ഒപ്പ്

ട്രാൻസ്പോർട്ട് കമ്മീഷണർ

പകർപ്പ്: ട്രാൻസ്പോർട്ട് കമ്മീഷണറുടെയും, സീനിയർ ഡി.റ്റി.സി & സെക്രട്ടറി, എസ്.റ്റി.എ. യുടെയും, സീനിയർ ഡി.റ്റി.സി (ട്രാക്ലേഷൻ) ന്റെയും സി.എ, എല്ലാ സെക്ഷനുകളും

അംഗീകാരത്തോടെ

21/x/10

സീനിയർ ഡി.റ്റി.സി. (ട്രാക്ലേഷൻ)

കെ എസ്

21/10/10
21/X/10

21/2753/2000